**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തളിപ്പറമ്പ് നഗരസഭ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന്റെ കരാർ കാലാവധി നീട്ടുന്നതിനും നിലവിലെ പ്രവർത്തികൾക്ക് റിവൈസിഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ബാക്കി പ്രവൃത്തികൾ പുതിയ പ്രവൃത്തിയായി ചെയ്യുന്നതിനും അംഗീകാരം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.3123/2016/തസ്വഭവ തിരുവനന്തപുരം, തീയതി:17.11. 2016

---

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 20/07/2016 - ലെ ഡി.സി.3-15751/16 നമ്പർ കത്ത്.
2.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 22/09/2016 ലെ ഡി.ബി5-9208/16/സിഇ/തസ്വഭവ.

തളിപ്പറമ്പ് നഗരസഭ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിലവിലുള്ള അംഗീകൃത പ്ലാനിൽ മാറ്റം വരുത്തി നിർമ്മാണം നടത്തിയതിനാൽ കരാർ കലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി നീട്ടി നൽകുന്നതിനും നിലവിലെ പ്രവർത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോടൊപ്പം കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ ബാക്കി പ്രവൃത്തികൾ പുതിയ പ്രവൃത്തിയായി ചെയ്യുന്നതിനും സർക്കാർ അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപറയുന്ന നിബന്ധനകളോടെ തളിപ്പറമ്പ് നഗരസഭ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന്റെ കരാർ കാലാവധി 31/03/2017 - വരെ നീട്ടി നൽകുന്നതിനും, നിലവിലെ പ്രവർത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോടൊപ്പം കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ ബാക്കി പ്രവൃത്തികൾ പുതിയ പ്രവൃത്തിയായി ചെയ്യുന്നതിനും അംഗീകാരം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

1. ഇൻവെർട്ടഡ് ബീം സ്ഥാപിച്ചുമാത്രമേ ഇനിയുള്ള പാർട്ടീഷൻ നടത്താവൂ.
2. ഹാളോ ബ്ലോക്ക്സ്/Half thick Brick work ഉപയോഗിച്ചു മാത്രമേ നിർമ്മാണം നടത്താവൂ.
3. ഇനി നടത്തുവാനുള്ള സിവിൽ വർക്കുകൾ പുതിയ പ്രവൃത്തിയായി ഏറ്റെടുക്കണം.
4. ടി.എസ് നല്കിയതിന് വിപരീതമായി പാർട്ടീഷ്യൻ വാൾ നിർമ്മിച്ച സാഹചര്യത്തിൽ പുതുക്കി തയ്യാറാക്കുന്ന അടങ്കലിലെ നിരക്കും അളവും മാത്രം എസ്റ്റിമേറ്റ് അംഗീകരിച്ചു നല്കുക.
5. പാർട്ടീഷ്യൻ ചെയ്യതു മൂലം ഭാവിയിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ പ്രവൃത്തി നടത്തിയ സമയത്തെ സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും ഉത്തരവാദിയായിരിക്കുമെന്ന നിബന്ധനയോടെ കരാറുകാരന് ബിൽ മാറി നൽകുന്നതിന് അനുമതി നല്കാം.

6. അംഗീകൃതപ്ലാനിൽ മാറ്റം വരുത്തി പ്രവൃത്തി നടപ്പാക്കിയതിന് ബന്ധപ്പെട്ട സെക്രട്ടറിക്കും അസിസ്റ്റന്റ് എഞ്ചിനിയർക്കുമെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കുത്തുപറമ്പ് നഗരസഭ
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**